# <u>മുഖ്യനഗരാസൂത്രകന്റെ നടപടി</u>

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം നഗരാസൂത്രകന്റെ 08/02/2019 ലെ എ 3/113/2019 നമ്പർ കത്ത്.
കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

---

ഉത്തരവ്. നം. **TCPCTP/561/19-C2** തീയതി: **28/03/2019**

---

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റീ സർവ്വേ നമ്പർ 40/2- ൽ 1196 ച.മീ. സ്ഥലത്ത് 410 ച.മീ. വിസ്തൃതിയിൽ പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തു മുഖേന ലഭ്യമാക്കിയ ശ്രീ. നാസിഫ് താഴത്തെ പീടികയിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. KPBR 2011 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരുകൾ, അളവുകൾ, തരം, നിർമാണാവകാശം മുതലായവ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2. നിർമാണം KPBR 2011 നും അനുബന്ധ ചട്ടങ്ങൾക്കും അനുസൃതമായിരിക്കണം.
3. KPBR 2011 61(6) പ്രകാരം ഫയർ വകുപ്പിൽ നിന്നും എൻ.ഒ.സി വാങ്ങേണ്ടതാണ്

4 . KPBR 2011 61(9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതിപത്രം ഹാജരാക്കിയ ശേഷം മാത്രമേ നിർമാണാനുമതി നൽകാൻ പാടുള്ളൂ. .

5. KPBR 2011 61(10) പ്രകാരം പെട്രോൾ ടാങ്കിന്റെയും Vent പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.

6. KPBR 2011 61(11) പ്രകാരം Retail Petrol dispenser unit ലേക്ക് അതിരുകളിൽ നിന്നും 7.5m അകലം ഉണ്ടായിരിക്കേണ്ടതും വാഹനത്തിന്റെ ഗമനത്തെ തടസ്സപ്പെടുത്തുന്ന ഒന്നും ആ അകലത്തിൽ ഉണ്ടായിരിക്കാൻ പാടില്ലാത്തതുമായിരിക്കണം.

7. KPBR 2011 61(16) പ്രകാരം ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടതാണ്.

8. KPBR 2011 61(17) പ്രകാരം മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനർചംക്രമണത്തിനും പുനരുപയോഗത്തിനുമുള്ള പ്രത്യേക സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

9. ചട്ടം 61(12) പ്രകാരം റോഡതിർത്തിയിൽ നിന്നും കനോപ്പിയിലേക്ക് 3.00 മീറ്റർ അകലം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

10. ബഹു. ജില്ലാ കളക്ടറുടെ 08/11/16-ലെ ബി2-1453/16 ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

11. അംഗീകാരം ലഭിക്കുന്നതിനു മുമ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതിനാൽ ചട്ടം 137(4) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഈടാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 29/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്
പകർപ്പ്:-

1. ശ്രീ. മുഹമ്മദ്, താഴത്തെപീടികയിൽ (വീട്), പട്ടിക്കാട് (പി.ഒ), മലപ്പുറം- 679325.
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം